(ബി) ദേശീയ പാതയോരത്തുള്ള വിൽപ്പന കേന്ദ്രങ്ങൾ അവിടെ നിന്നും മാറ്റണമെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2014-ൽ ഒക്ടോബർ-2-ന് കെ.എസ്.ബി.സി.യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 34-ഉം കൺസ്യൂമർ ഫെഡിന്റെ 5-ഉം എഫ്.എൽ.1-ഷോപ്പുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഡി) വർഷംതോറും 10% വിൽപ്പന കേന്ദ്രങ്ങൾ പൂട്ടുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം കേരളത്തിൽ 39 ഷോപ്പുകളാണ് പൂട്ടേണ്ടിയിരുന്നത്.

(ഇ) 2015 ജനുവരി 1-ന് കെ.എസ്.ബി.സി. യുടെ 12-ഉം കൺസ്യൂമർ ഫെഡിന്റെ 1-ഉം എഫ്.എൽ 1 ഷോപ്പുകളും തുടർന്ന് 2015 ഒക്ടോബർ-2-ന് കെ.എസ്.ബി.സി.യുടെ 22 ഉം കൺസ്യൂമർഫെഡിന്റെ 4-ഉം എഫ്.എൽ.1 ഷോപ്പുകൾ 2015 വർഷത്തിൽ അടച്ചുപൂട്ടിയിട്ടുണ്ട്. അതായത് 10% വിൽപ്പന കേന്ദ്രങ്ങൾ രണ്ടുഘട്ടങ്ങളിലായി പൂട്ടിയിട്ടുണ്ട്.

ബാർ ലൈസൻസ് സംബന്ധിച്ച ഫയൽ

160 (168) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് 26-ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ ധനകാര്യമന്ത്രി ബാറുകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിർണ്ണായക വിവരങ്ങൾ അടങ്ങിയ ഫയൽ ആവശ്യപ്പെടുകയുണ്ടായിരുന്നുവോ ;

(ബി) ഇപ്രകാരം വാങ്ങിയ ഫയൽ മന്ത്രി എത്ര ദിവസം കൈവശം വെയ്ക്കുകയുണ്ടായെന്നും ആയത് തിരികെ നൽകിയത് ഏത് തീയതിയിലാണെന്നും വെളിപ്പെടുത്താമോ ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി പ്രസ്തുത ഫയൽ വിജിലൻസ് എസ്.പി. സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായിരുന്നുവോ ; അന്വേഷണ ഉദ്യോഗസ്ഥന് ഫയൽ നൽകാതിരുന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത ഫയലിന്റെ (പ്രസക്തമായ ഭാഗത്തിന്റെ) ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ C.A.No.3196-3198/14 കേസിലെ ഉത്തരവിനെ തുടർന്ന് ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് നികുതി (ജി) വകുപ്പിന്റെ 6556/G1/14/TD ഫയൽ 26-3-14-ലെ മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ചപ്പോൾ ഈ വിഷയത്തിൽ നിയമവകുപ്പ് മന്ത്രിയുടെ അഭിപ്രായത്തോടുകൂടി മന്ത്രിസഭായോഗം മൻപാകെ വീണ്ടും കൊണ്ടുവരേണ്ടതാണെന്ന് തീരുമാനിച്ചു തുടർന്ന് നിയമവകുപ്പ് സെക്രട്ടറി നൽകിയ അഭിപ്രായത്തോടെ 28-3-2014-ൽ തിരികെ ലഭിച്ച 6556/G1/14/TD നമ്പർ ഫയൽ 2-4-2014-ലെ മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

(സി) 418 ഹോട്ടലുകളുടെ ബാർ ലൈസൻസ് പുതുക്കി നൽകാതിരുന്നതുമായി ബന്ധപ്പെട്ട ജി.ഒ. (എംഎസ്.) 56/14/നി.വ തീർപ്പ് ഫയൽ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എസ്.പി ശ്രീ. ആർ. സുകേശന് 11-5-2015-ൽ നൽകിയിരുന്നു.

(ഡി) ജി.ഒ. (എംഎസ്.) 56/14/നി.വ. തീർപ്പ് ഫയലിലെ 26-3-14-ലെ മന്ത്രിസഭാ യോഗത്തിലെ ഇനം. 1540 തീരുമാനത്തിന്റെയും തുടർന്നുള്ള നികുതി വകുപ്പിലെ കുറിപ്പുകളുടെയും നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും പ്രസക്തമായ ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി {1(a),1(b) &1(c)} ഇതോടൊപ്പം ചേർക്കുന്നു.*

നീര ചെത്തുന്നതിന് അനുമതി

161 (169) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദമാക്കാമോ ;

(സി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.